ഓർക്കേണ്ടതുണ്ട്. എന്നാൽ 1969-ലെ സഹകരണ നിയമം 80(ബി) ചട്ടമനുസരിച്ച് രൂപീകരിച്ച കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ് മുഖേന നിയമനം നടത്തുന്ന സഹകരണ അർബൻ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കുമിടയിലുള്ള രാജ്യത്തിന്റെ ഏറ്റവും വലിയ ധനകാര്യ സംവിധാനവും ധാരാളം തൊഴിലവസരവുമുള്ള മേഖലയാണ് സഹകരണ മേഖല. കേരളത്തിലെ സഹകരണ പ്രസ്ഥാനം രാജ്യത്താകമാനം ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലേക്കും പടർന്ന് പന്തലിച്ചിരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ കേരളീയ പൊതുസമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നത് ജീവനക്കാരാണെന്ന കാര്യം വിസ്മരിച്ചുകൂടാ. ആയതിനാൽ സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സഹകരണ മേഖലയിൽ ഉദ്യോഗ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സഹകരണഅർബൻ ബാങ്കുകളിലെയും, പ്രാഥമിക സഹകരണ സംഘങ്ങളിലെയും നിയമനങ്ങളിൽ പി.എസ്.സി.യുടെ മാനദണ്ഡമനുസരിച്ച് സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുതന്നെയാണ് നടപ്പിലാക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പറഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷത്തിനും 10 ജീവനക്കാരിൽ താഴെയാണുള്ളത്. 10 ജീവനക്കാരിൽ താഴെയുള്ളവരിൽ പൂർണ്ണമായും സംവരണ തത്വം പാലിക്കുന്നതിന് പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ 10 ജീവനക്കാരിൽ കൂടുതലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഈ സംവരണം അനുവദിക്കാൻ കഴിയുമോയെന്നുള്ളത് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്. അതിനുവേണ്ട നിർദ്ദേശം നൽകുന്നതാണ്.

(5) ഗൾഫ് നാടുകളിൽ പി.എസ്.സി. പരീക്ഷാ സെന്റർ

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് ചെറുപ്പക്കാരാണ് ഗൾഫ് രാജ്യങ്ങളിലുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവും യോഗ്യതയുള്ള ഇവർ സർക്കാർ ഉദ്യോഗമാഗ്രഹിക്കുന്നെങ്കിലും പി.എസ്.സി.

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷാ സമയത്ത് നാട്ടിലില്ലാത്തതുമൂലം പരീക്ഷയെഴുതാൻ സാധിക്കാറില്ല. ഇതിൽ ബഹുഭൂരിപക്ഷം ആളുകളും സ്വന്തം കുടുംബങ്ങളിലെ ദുരവസ്ഥകൊണ്ടു കൂടിയാണ് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോയിട്ടുള്ളത്. അതുകാരണം ആയിരക്കണക്കിന് യുവാക്കൾക്കാണ് സർക്കാർ ജോലിയെന്ന സ്വപ്നം ഉപേക്ഷിക്കേണ്ടിവരുന്നത്. ലക്ഷകണക്കിനാളുകൾ അപേക്ഷകരായുള്ള എൽ.ജി.എസ്., എൽ.ഡി.സി., തുടങ്ങിയ പി.എസ്.സി. പരീക്ഷകൾക്ക് ഗൾഫ് നാടുകളിൽ പരീക്ഷാ സെന്റർ അനുവദിച്ചാൽ ധാരാളംപേർക്ക് അതൊരനുഗ്രഹമാകും. അതുകൊണ്ട് ഗൾഫ് നാടുകളിൽ പരീക്ഷാ സെന്റർ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിന് പ്രായോഗികമായി പല വിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. ഭരണഘടനയുടെ 315 മുതൽ 323 വരെയുള്ള വകുപ്പുകളിൽ അനുശാസിക്കുന്നവിധം രൂപീകരിക്കപ്പെട്ട ഈ കമ്മീഷന്റെ പ്രവർത്തന പരിധി സംസ്ഥാനങ്ങളിൽ ഒതുങ്ങിനിൽക്കുന്നതാണ്. അതിനപ്പുറത്തേക്ക് പോകണമെന്നുണ്ടെങ്കിൽ അതിന് നിയമപരവും ഭരണപരവുമായ പല തടസ്സങ്ങളുമുണ്ട്. അതുകൊണ്ട് എനിക്കിപ്പോൾ വ്യക്തമായി ഒരു മറുപടി പറയാൻ സാധിക്കുകയില്ല. അതിന്റെ സാദ്ധ്യതകളെന്തൊണന്നതിനെക്കുറിച്ച് പരിശോധിക്കും.

(6) ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നീട്ടൽ

ശ്രീ. ആർ. സെൽവരാജ് : സർ, കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് റവന്യൂ ഉദ്യോഗസ്ഥർ നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റുകളുടെ കാലാവധി വെറും ആറ് മാസം മാത്രമാണ്. ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകം സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം, എന്ത് ആവശ്യത്തിന്, ഏത് സ്ഥാപനത്തിൽ ഹാജരാക്കണമെന്നുള്ളതിനെസംബന്ധിച്ച് ഈ സർട്ടിഫിക്കറ്റുകൾ നൽകുന്ന റവന്യൂ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകളുടെ അടിക്കുറിപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് വലിയ ബുദ്ധിമുട്ടുവാക്കുന്ന ഒരു കാര്യമാണ്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനു വേണ്ടിയാണ് തമിഴ്നാട്ടിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തി ഒരു സർട്ടിഫിക്കറ്റ് നൽകുന്നത്. ഇതിന്റെ കാലാവധി അഞ്ച് വർഷക്കാലം നിലനിൽക്കും. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാരുടെ സർട്ടിഫിക്കറ്റുകൾക്ക് നൽകുന്ന കാലദൈർഘ്യം ആറ് മാസമെന്നുള്ളത് മാറ്റി മൂന്നു വർഷത്തേക്ക് പ്രാബല്യമുള്ളതാക്കണമെന്നതാണ് എന്റെ ഒരാവശ്യം. അതുപോലെതന്നെ ഓരോ

LIBRARY ARCHIVES Kerala Legislative Assembly